LIBRARY ARCHIVES Kerala Legislative Assembly

കണ്ണമ്പ്ര പഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന മംഗലംപുഴ-കണ്ണമ്പ്ര കുടിവെള്ള പദ്ധതി

48 [1838] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര പഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന മംഗലംപുഴ-കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതി നിർവ്വഹണത്തിന് ബജറ്റിൽ എന്തു തുക വക കൊള്ളിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്?

ഉത്തരം

(എ) മംഗലംപുഴ ഉറവിടമാക്കിയുള്ള പ്രസ്തുത പദ്ധതിക്ക് 2003 ഏപ്രിൽ മാസത്തിൽ എ.ആർ.പി.എൻ.സി./പി.സി.-യിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 190 ലക്ഷം രൂപയാണ്. പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) ബജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല.

(ഡി) 2005 ഡിസംബർ മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തെക്കുംകര സമഗ്ര ശുദ്ധജല പദ്ധതി പൂർത്തിയാക്കുവാൻ നടപടി

49 [1839] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര സമഗ്ര ശുദ്ധജല പദ്ധതി പൂർത്തിയാക്കുവാൻ തടസ്സമായിരിക്കുന്ന വാഴാനി ഡാമിൽ നിന്നും ജലം സംഭരിക്കുന്നതിനുള്ള സാങ്കേതിക അസൗകര്യം നീക്കം ചെയ്യുവാൻ സ്വീകരിച്ച നടപടി എന്തെല്ലാമാണ്;

(ബി) ഡാമിന്റെ സുരക്ഷിതത്വത്തിന് ഭീഷിണിയില്ലാതെതന്നെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് അംഗീകരിക്കുന്ന സ്ഥലം പഞ്ചായത്ത് വിലയ്ക്കുവാങ്ങി നൽകുവാൻ തയ്യാറാണെന്ന പഞ്ചായത്ത് ഭരണസമിതി തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനു അനുയോജ്യമായ സ്ഥലം പഞ്ചായത്തിന് കണ്ടെത്തുവാൻ ഇറിഗേഷൻ വകുപ്പ് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?